വളരെ ക്ഷാമമുള്ള ചില പ്രദേശങ്ങളിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ ശൃംഖല മെച്ചപ്പെടുത്തി ചില ചെറിയ എക്സ്റ്റൻഷൻ നടത്തി വിതരണ ശൃംഖലയിലെ ജലവിതരണം ക്രമീകരിച്ച് നടപടികൾ എടുത്തുവരുന്നുണ്ട്. കൊച്ചി കോർപ്പറേഷന്റെ എല്ലാ പ്രദേശങ്ങളിലും ശുദ്ധജല വിതരണം നടത്തിവരുന്നുണ്ട്.

55 (2746) പദ്ധതികൾ കൈമാറുമ്പോൾ ജീവനക്കാരുടെ വിന്യാസം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല വിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുമ്പോൾ ജീവനക്കാരുടെ വിന്യാസം സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ വിന്യാസം സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 23.11.1998 ലെ ജി.ഒ. (എം.എസ്.) 125/98/ജല.വ. അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജല അതോറിറ്റി കൈമാറുന്നത് ശുദ്ധ ജല വിതരണ പദ്ധതികളുടെ നടത്തിപ്പിനായി ഒരു പദ്ധതിക്ക് ഒരു ഓപ്പറേറ്റർ എന്ന നിലയിൽ, ജീവനക്കാരിൽനിന്നും ഓപ്ഷൻ വാങ്ങിയ ശേഷം മാറ്റാൻ ആണ് ഉദ്ദേശിച്ചിട്ടുള്ളത്. ജീവനക്കാരോട് ഓപ്ഷൻ ചോദിച്ചിട്ടില്ല. ഇതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

56 (2747) ഓരു വെള്ളം മാത്രം ലഭിക്കുന്ന സ്ഥലങ്ങൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കിണറുകളിലും കുളങ്ങളിലും ഓരു വെള്ളമോ പുളിവെള്ളമോ മാത്രം ലഭിക്കുന്ന എത്ര സ്ഥലങ്ങൾ ഉണ്ട്;

(ബി) ഈ സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ഇവയുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്താവുന്ന പഠനങ്ങൾ ജല അതോറിറ്റി നടത്തിയിട്ടില്ല. ആലപ്പുഴ, കൊല്ലം. തിരുവനന്തപുരം എന്നീ തീരദേശ ജില്ലകളിലും, പാലക്കാട് ജില്ലയിലുമാണ് ഇവ പ്രകടമായി കണ്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly